**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3146** **13-07-2022 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അക്കാദമിക തുടർച്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് പ്രതിസന്ധിയെത്തുടർന്ന് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അക്കാദമിക തുടർച്ച ഉറപ്പാക്കുന്നതിൽ സർക്കാർ സംവിധാനം പരാജയപ്പെട്ടു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല; കോവിഡ് പ്രതിസന്ധി കുട്ടികളെ അക്കാദമികവും മനോ- സാമൂഹികവുമായി എങ്ങനെയെല്ലാം ബാധിച്ചു എന്നതിനെപ്പറ്റി എസ്.സി.ഇ.ആർ.ടി വിശദമായ ഗവേഷണ പഠനം സംഘടിപ്പിച്ചിരുന്നു. ഈ പഠനത്തിൽ ആദിവാസി ഗോത്ര മേഖലയെ കോവിഡ് പ്രതിസന്ധി എങ്ങനെ ബാധിക്കുന്നു എന്നതും പഠന വിധേയമാക്കി. കോവിഡ് പ്രതിസന്ധി ഘട്ടത്തിൽ ആദിവാസി ഗോത്രമേഖലകളിൽ സാമൂഹ്യ പഠനമുറികൾ സജ്ജമാക്കുന്നതിലും മെന്റർ ടീച്ചർമാരുടെ സേവനം ഉറപ്പാക്കുന്നതിനും വിപുലമായ ഇടപെടലുകളാണ് പൊതു ജന പിന്തുണയോടെ സർക്കാർ നടത്തിയത്. ആധുനിക സാങ്കേതിക വിദ്യയെ വിദ്യാഭ്യാസത്തിൽ പ്രയോജനപ്പെടുത്തുമ്പോൾ ആദിവാസി വിദ്യാർത്ഥികളും പിന്നാക്കം പോകരുത് എന്ന കാഴ്ചപ്പാടോടെ ആദിവാസി വിദ്യാർത്ഥികൾക്ക് സൗജന്യമായി ലാപ് ടോപ് ലഭ്യമാക്കുന്ന "വിദ്യാകിരണം" പദ്ധതി നടപ്പാക്കി. പാഠപുസ്തകം, യൂണിഫോം എന്നിവ സമയബന്ധിതമായി വിതരണം ചെയ്തു. അധ്യാപക പരിശീലനത്തിൽ "കുട്ടിയെ അറിയുക" എന്ന ആശയത്തിന് പ്രാധാന്യം നൽകി സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രത്യേക പിന്തുണ നൽകുന്നതിന് പ്രാധാന്യം നൽകുവാൻ അധ്യാപകരെ പ്രാപ്തരാക്കി. |
| (ബി) | പട്ടികവർഗ്ഗ വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) | **കോവിഡ് കാലത്ത് ലോകത്തിന് തന്നെ മാതൃകയാവുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടന്ന സംസ്ഥാനമാണ് നമ്മുടേത്. എന്നാൽ, ആദിവാസി ഗോത്ര വിഭാഗങ്ങൾ ഉൾപ്പെടെയുള്ള മേഖലകളിൽ ആഗ്രഹിച്ചപോലെ അക്കാദമിക മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല എന്ന്** |

| | | | |
|---|---|---|---|
| | | | **എസ്.സി.ഇ.ആർ.ടി നടത്തിയ പഠനത്തനൽ കണ്ടെത്തിയിരുന്നു. ഇത്തരത്തിൽ പഠന വിടവ് കുട്ടികളിൽ ഉണ്ടെന്ന ധരണയിൽ സ്കൂൾ തുറന്ന് ആദ്യത്തെ രണ്ടാഴ്ചക്കാലം നേരിട്ട് പാഠഭാഗങ്ങളിലേയ്ക്ക് കടക്കാതെ കുട്ടികൾക്ക് മനോ - സാമൂഹിക പിന്തുണ നൽകുന്ന പ്രവർത്തനങ്ങളാണ് അധ്യാപകർ ഏറ്റെടുക്കേണ്ടത് എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആദിവാസി ഗോത്ര മേഖലകളിൽ പഠനത്തുടർച്ച ഉറപ്പാക്കുന്നതിനായി സ്കൂളിൽ വരാത്ത കുട്ടികളുടെ വീടുകൾ സന്ദർശിക്കാൻ നിർദ്ദേശം നൽകിയിരുന്നു. ആദിവാസി മേഖലകളിൽ പ്രത്യേകിച്ചും അധ്യാപകർ ഗൃഹസന്ദർശനം നടത്തി കുട്ടികളെ സ്കൂളിൽ എത്തിക്കാനുള്ള ഇടപെടൽ നടത്തിയിട്ടുണ്ട്.** |
| (സി) | കോവിഡിന് ശേഷമുള്ള അക്കാദമിക വർഷങ്ങളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എൻറോൾമെന്റ് സംബന്ധിച്ചും പഠനത്തുടർച്ച സംബന്ധിച്ചും വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | 2022-23 അക്കാദമിക വർഷം ആരംഭിച്ചിട്ട് ഒരു മാസം പിന്നിട്ടുന്നതേ ഉള്ളൂ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള എല്ലാ കുട്ടികളുടെയും പഠന തുടർച്ച സംബന്ധിച്ച വിലയിരുത്തലുകൾ നടന്ന വരുന്നു. 2022-23 അധ്യയന വർഷത്തെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എൻറോൾമെന്റ് സംബന്ധിച്ച ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.<br><br>ഹയർ സെക്കന്ററി വിഭാഗത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്ന് +1 പ്രവേശനത്തിന് അപേക്ഷിച്ച മുഴുവൻ കുട്ടികൾക്കും അഡ്മിഷൻ ഉറപ്പാക്കാൻ കഴിഞ്ഞ അധ്യയന വർഷം കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അക്കാദമിക തുടർച്ച ഉറപ്പാക്കുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനും വിദ്യാഭ്യാസ വകുപ്പ് അടിയന്തരമായി കർമ്മ പദ്ധതി തയ്യാറാക്കുമോ; വിശദാംശം നൽകുമോ? | (ഡി) | ആദിവാസി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് എന്ന പ്രശ്നം പരിഹരിക്കുന്നതിനുള്ള വിവിധ തലത്തിലുള്ള ഇടപെടലുകൾ കാലങ്ങളായി നമ്മൾ നടത്തിവരുന്നതാണ്. കോവിഡ് പ്രതിസന്ധി മൂലമുണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങളെ ബാധിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ ഫലമായി വിദ്യാർത്ഥികളുടെ കൊഴിഞ്ഞ്പോക്ക് എത്രമാത്രം ഉണ്ടായി എന്നത് പഠനം നടത്തേണ്ടതാണ്. നിലവിലുള്ള പ്രശ്നങ്ങളെ വിശകലനം ചെയ്ത് കൊണ്ട് മാത്രമേ പരിഹാര പദ്ധതി തയ്യാറാക്കാൻ സാധിക്കൂ. അത്തരത്തിൽ ഒരു പ്രശ്നം നില നിൽക്കുന്നതായി പഠനത്തിലൂടെ കണ്ടെത്തിയാൽ നിശ്ചയമായും പരിഹാര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## ENROLMENT OF STUDENTS IN KERALA AS ON 6th WORKING DAY 2022-23 (PROVISIONAL)

### SCHEDULED TRIBE

| | STD | GOVT. | | | AIDED | | | UNAIDED | | | TOTAL | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL |
| STATE TOTAL | I | 1848 | 1605 | 3453 | 1260 | 1286 | 2546 | 85 | 71 | 156 | 3193 | 2962 | 6155 |
| | II | 1964 | 1791 | 3755 | 1371 | 1320 | 2691 | 100 | 83 | 183 | 3435 | 3194 | 6629 |
| | III | 1978 | 1723 | 3701 | 1303 | 1348 | 2651 | 102 | 86 | 188 | 3383 | 3157 | 6540 |
| | IV | 2071 | 1906 | 3977 | 1415 | 1416 | 2831 | 101 | 87 | 188 | 3587 | 3409 | 6996 |
| | V | 2074 | 2002 | 4076 | 1463 | 1498 | 2961 | 69 | 72 | 141 | 3606 | 3572 | 7178 |
| | VI | 2247 | 2177 | 4424 | 1608 | 1470 | 3078 | 88 | 50 | 138 | 3943 | 3697 | 7640 |
| | VII | 2155 | 1978 | 4133 | 1598 | 1470 | 3068 | 78 | 60 | 138 | 3831 | 3508 | 7339 |
| | VIII | 2613 | 2313 | 4926 | 1227 | 1160 | 2387 | 70 | 41 | 111 | 3910 | 3514 | 7424 |
| | IX | 2670 | 2418 | 5088 | 1254 | 1171 | 2425 | 76 | 36 | 112 | 4000 | 3625 | 7625 |
| | X | 2535 | 2418 | 4953 | 1259 | 1226 | 2485 | 62 | 49 | 111 | 3856 | 3693 | 7549 |
| | TOTAL | 22155 | 20331 | 42486 | 13758 | 13365 | 27123 | 831 | 635 | 1466 | 36744 | 34331 | 71075 |

## ENROLMENT OF STUDENTS IN KERALA AS ON 6th WORKING DAY 2022-23 (PROVISIONAL)

### SCHEDULED TRIBE

| DIST | GOVT. | | | AIDED | | | UNAIDED | | | TOTAL | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL |
| TVM | 923 | 995 | 1918 | 312 | 286 | 598 | 57 | 47 | 104 | 1292 | 1328 | 2620 |
| KLM | 263 | 203 | 466 | 202 | 172 | 374 | 5 | 5 | 10 | 470 | 380 | 850 |
| PTA | 255 | 205 | 460 | 246 | 190 | 436 | 5 | 6 | 11 | 506 | 401 | 907 |
| ALP | 109 | 101 | 210 | 115 | 109 | 224 | 3 | 4 | 7 | 227 | 214 | 441 |
| KTM | 297 | 407 | 704 | 652 | 630 | 1282 | 13 | 13 | 26 | 962 | 1050 | 2012 |
| IDK | 2174 | 1920 | 4094 | 1074 | 973 | 2047 | 125 | 133 | 258 | 3373 | 3026 | 6399 |
| EKM | 445 | 349 | 794 | 366 | 348 | 714 | 25 | 20 | 45 | 836 | 717 | 1553 |
| TSR | 402 | 380 | 782 | 223 | 265 | 488 | 13 | 6 | 19 | 638 | 651 | 1289 |
| PKD | 2400 | 2319 | 4719 | 1338 | 1315 | 2653 | 352 | 223 | 575 | 4090 | 3857 | 7947 |
| MPM | 904 | 830 | 1734 | 593 | 622 | 1215 | 20 | 8 | 28 | 1517 | 1460 | 2977 |
| KKD | 298 | 264 | 562 | 490 | 492 | 982 | 5 | 10 | 15 | 793 | 766 | 1559 |
| WYD | 8661 | 7897 | 16558 | 4508 | 4469 | 8977 | 90 | 78 | 168 | 13259 | 12444 | 25703 |
| KNR | 1597 | 1307 | 2904 | 1573 | 1587 | 3160 | 11 | 8 | 19 | 3181 | 2902 | 6083 |
| KSD | 3427 | 3154 | 6581 | 2066 | 1907 | 3973 | 107 | 74 | 181 | 5600 | 5135 | 10735 |
| **TOTAL** | **22155** | **20331** | **42486** | **13758** | **13365** | **27123** | **831** | **635** | **1466** | **36744** | **34331** | **71075** |